**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .3172 07-11-2019 -ൽ മറുപടിക്ക്

**വീടിന് മുകളിൽ വീണ മണ്ണ് നീക്കുന്നതിന് സഹായം**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.കെ.കുഞ്ഞിരാമൻ** | | **ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | അതിവർഷത്തിൽ വീടിന് മുകളിൽ മണ്ണ് വീണ് പല വീടുകളിലും താമസിക്കാൻ പറ്റാത്ത സാഹചര്യമുണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | വീടിന് മുകളിൽ വീണ മണ്ണ് നീക്കുന്നതിന് ദുരന്ത നിവാരണ വകുപ്പ് തുക നൽകാറുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യം മാനുഷികമായി പരിഗണിക്കുമോ എന്ന് വ്യക്തമാക്കാമോ; | ബി) | പ്രകൃതിക്ഷോഭം കാരണം മണ്ണിടിഞ്ഞ് വീടുകൾക്ക് നാശനഷ്ടം സംഭവിച്ചാൽ വീടുകൾക്കുണ്ടാകുന്ന കേടുപാടുകൾ തീർക്കുന്നതിന് സംസ്ഥാന ദുരന്ത പ്രതികരണ നിധി (SDRF) മാനദണ്ഡം അനുസരിച്ച് തുക അനുവദിക്കാറുണ്ട്. |
| സി) | ഇത്തരത്തിൽ വീടിന് മുകളിൽ വീണ മണ്ണ് റോയൽറ്റി അടയ്ക്കാതെ ഉടമകളുടെ സ്വന്തം ചെലവിൽ നീക്കുന്നതിനുള്ള ഉത്തരവ് നൽകുന്നതിന് ജില്ലാ കളക്ടർമാർക്ക് എന്തെങ്കിലും തടസ്സമുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | സി) | ദുരന്തത്തിൽ ബാധിച്ച ഒരു പ്രദേശത്ത് പുനർ നിർമ്മാണം നടത്തുന്നതിനായും, ദുരന്തത്തിൽ വന്നടിഞ്ഞ മണ്ണ്, ചളി എന്നിവ മാറ്റുന്നതിനായും മറ്റെല്ലാ നിയമത്തെയും മറികടന്ന് ജില്ലാ ദുരന്ത നിവാരണ അതോറിറ്റിക്ക് ഉചിതമായ നടപടി സ്വീകരിക്കാം. ദുരന്തത്തിൽ വന്നടിഞ്ഞ മണ്ണ്, ചളി എന്നിവ മാറ്റുന്നതിനു ജില്ലാ ദുരന്ത നിവാരണ അതോറിറ്റി തീരുമാനിച്ച് ഉത്തരവായി പുറപ്പെടുവിച്ചാൽ റോയൽറ്റി നല്കേണ്ട ആവശ്യം ദുരന്ത നിവാരണ നിയമത്തിൽ ഇല്ല. നിലവിൽ വ്യാവസായിക അടിസ്ഥാനത്തിൽ മാത്രമാണ് മണ്ണ് റോയൽറ്റി അടച്ച് മാറ്റുന്നത്. ദുരന്ത നിവാരണ നിയമപ്രകാരം വീടുകളുടെ മുകളിൽ വീഴുന്ന മണ്ണ് വ്യാവസായിക അടിസ്ഥാനത്തിൽ ഉപയോഗിക്കുന്നില്ല എന്ന ഉറപ്പിന്മേൽ റോയൽറ്റി അടയ്ക്കാതെ ഉടമകളുടെ സ്വന്തം ചെലവിൽ നീക്കുന്നതിനുള്ള ഉത്തരവ് നൽകുന്നതിൽ തടസ്സമില്ലാത്തതാണ്. |

സെക്ഷൻ ഓഫീസർ